## തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
## (ഹാജർ : റെജീന.പി.എം)

ഇസി1/02/2017

തീയതി : 19.04.2018

വിഷയം:- വ്യവസായം – ജീവനക്കാര്യം – ഹെഡ് ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ്.

പരാമർശം:- 1) ശ്രീമതി.സുജാത.പി.വി. 14.03.2018 ന് സമർപ്പിച്ച അപേക്ഷ.
2) 20.02.2018 ന് ഇഎ1/7884/2016 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച പട്ടിക.
3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 06.12.2017 ലെ ഇതേ നമ്പർ സ്ഥാനക്കയറ്റ ഉത്തരവ്.

ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുജാത.പി.വി സൂചന (2) പ്രകാരം പുറപ്പെടുവിച്ച പുന:ക്രമീകരിച്ച സീനിയോരിറ്റി പട്ടികയിൽ ക്രമ നമ്പർ 43 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ടിയാളുടെ ജൂനിയറായ ശ്രീമതി.കുമാരി മായ (ക്രമ നമ്പർ 46) സൂചന (3) പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നേടിയ സാഹചര്യത്തിൽ 06.12.2017-ാം തീയതി പ്രാബല്യത്തിൽ ടിയാൾക്ക് ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. 01.04.2018 മുതൽ ശ്രീമതി.റോസി.എം.വി വിരമിച്ചതിനെ തുടർന്ന് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റ് തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേയ്ക്ക് ടിയാൾക്ക് സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

### ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ ക്ലാർക്കായ ശ്രീമതി.സുജാത.പി.വി യ്ക്ക് ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിയമിച്ചുത്തരവാകുന്നു. ടിയാളുടെ ജൂനിയറായ ശ്രീമതി.കുമാരി മായ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നേടിയ 06.12.2017-ാം തീയതി പ്രാബല്യത്തിൽ ടിയാൾക്ക് ഹെഡ് ക്ലാർക്ക് തസ്തികയിൽ നോഷണലായി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

പ്രസ്തുത സ്ഥാനക്കയറ്റം റീലിംഗ്വിഷ് ചെയ്യുന്ന പക്ഷം നിയന്ത്രണാധികാരി മുഖേന 7 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ടിയാളുടെ ശമ്പളം 20.01.2016 ലെ ജി.ഒ.(പി)നം.7/2016 പ്രകാരം ഓപ്ഷൻ ഇല്ലാതെ ഫിക്സ് ചെയ്യേണ്ടതാണ്. ഉത്തരവ് ലഭിച്ച ഉടൻ തന്നെ ടിയാളെ വിടുതൽ ചെയ്യുന്നതിന് ആവശ്യമായ നടപടി നിയന്ത്രണാധികാരി സ്വീകരിക്കേണ്ടതാണ്. ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- ടി ഉദ്യോഗസ്ഥ

പകർപ്പ്:-
1. ഡയറക്ടർ, കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്
2. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്
3. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ, പാലക്കാട്
4. ഈ ഓഫീസിലെ ഇഎ/ഇഇ വിഭാഗം
5. സൂക്ഷിപ്പ് ഫയൽ/അധികപകർപ്പ്.

ഉത്തരവിൻ പ്രകാരം